## പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത

ചോദ്യം നമ്പർ: **4082.**

**20-03-2018 ൽ മറുപടിയ്ക്ക്**

## മാവേലിക്കര മണ്ഡലത്തിലെ കാർഷിക പ്രവർത്തനങ്ങൾ

**ചോദ്യം**

ശ്രീ.ആർ. രാജേഷ്

**മറുപടി**

ശ്രീ. വി.എസ്. സുനിൽകുമാർ
(കൃഷി വകുപ്പ് മന്ത്രി)

| | ചോദ്യം | | മറുപടി |
|---|---|---|---|
| (എ) | മാവേലിക്കര മണ്ഡലത്തിൽ കൃഷി വകുപ്പിന്റെ സഹായത്തോടെ ഏതെല്ലാം കൃഷികൾ ആണ് പാടശേഖരസമിതികൾ ചെയ്യുന്നതെന്നും അവയ്ക്ക് നൽകുന്ന സഹായങ്ങൾ എന്തൊക്കെയാണെന്നും കൃഷി ഓഫീസുകൾ തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കാമോ; | (എ) | മാവേലിക്കര മണ്ഡലത്തിൽ ആകെ 3.58 ഹെക്ടർ വിരിപ്പ കൃഷിയും 469.7 ഹെക്ടർ പുഞ്ച കൃഷിയും ചെയ്തിട്ടുണ്ട്. 13,32,830/-രൂപ സബ്സിഡിയും നൽകിയിട്ടുണ്ട്.<br>കൃഷിഭവൻ തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു.<br>തെക്കേക്കര പഞ്ചായത്തിൽ സമഗ്ര നെൽകൃഷി വികസന പദ്ധതിയിലെ സുസ്ഥിര കൃഷി വികസനം, തരിശുനില കൃഷി എന്നീ ഘടകങ്ങൾ പ്രകാരം 3.58 ഹെക്ടർ സ്ഥലത്ത് വിരിപ്പ കൃഷിയും 101.7 ഹെക്ടർ സ്ഥലത്ത് പുഞ്ച കൃഷിയും ചെയ്തു. ആയതിനു 4,42,830/- രൂപ സബ്സിഡിയും നൽകി.<br>തഴക്കര പഞ്ചായത്തിൽ സമഗ്ര നെൽകൃഷി വികസന പദ്ധതി പ്രകാരം 350 ഹെക്ടർ സ്ഥലത്ത് പുഞ്ച കൃഷി ചെയ്തു. ആയതിനു 3,70,000/- രൂപ സബ്സിഡി നൽകി.<br>മാവേലിക്കര പഞ്ചായത്തിൽ സമഗ്ര നെൽകൃഷി വികസന പദ്ധതി പ്രകാരം 18 ഹെക്ടർ സ്ഥലത്ത് പുഞ്ച കൃഷി ചെയ്തു. ആയതിനു 5,20,000/- രൂപ സബ്സിഡിയും നൽകി. |
| (ബി) | നിലവിൽ കൃഷി ചെയ്യുന്ന സ്ഥലത്തിന്റെയും തരിശു കിടക്കുന്ന പ്രദേശങ്ങളുടെയും പഞ്ചായത്ത് തിരിച്ചുള്ള വിശദവിവരം ലഭ്യമാക്കുമോ; | (ബി) | (see table below) |

| പഞ്ചായത്ത് | നിലവിൽ കൃഷി ചെയ്യുന്ന സ്ഥലം (ഹെക്ടർ) | തരിശു കിടക്കുന്ന സ്ഥലം (ഹെക്ടർ) |
|---|---|---|
| തെക്കേക്കര | 105.28 | 30 |
| തഴക്കര | 370 | 35 |
| മാവേലിക്കര | 18 | 82 |
| **ആകെ** | **493.28** | **147** |

(സി) ഈ വർഷം കൃഷി ചെയ്യുന്നതിനായി ഏറ്റെടുത്ത തരിശുനിലങ്ങളുടെ വിസ്തീർണ്ണം ലഭ്യമാക്കാമോ ;

(സി)

| കൃഷി ഭവൻ | സ്ഥലത്തിന്റെ പേര് | വിസ്തീർണ്ണം (ഹെക്ടറിൽ) |
|---|---|---|
| തഴക്കര | പെരുവേലിൽ ചാൽ പുഞ്ച | 13.6 |
| | തഴക്കര ബി ബ്ലോക്ക് | 8 |
| തെക്കേക്കര | മുണ്ടകത്തിൽ | 2.4 |
| | പൊന്നേഴ | 2 |
| | നെടുണ്ടയിൽ | 4.8 |
| | ഉതിർനാട് | 1.06 |
| മാവേലിക്കര | കണ്ടിയൂർ പുഞ്ച | 10 |
| **ആകെ** | | **41.86** |

(ഡി) തരിശു കിടക്കുന്ന പ്രദേശങ്ങളിൽ കൃഷി ചെയ്യുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ?

(ഡി) തരിശു കിടക്കുന്ന മുഴുവൻ സ്ഥലങ്ങളും സർവ്വേയിലൂടെ കണക്കെടുത്തു കൊണ്ടിരിക്കുന്നു. ഉടമസ്ഥരുടെ വിവരങ്ങളും മറ്റു റവന്യൂ വിവരങ്ങളും ലഭ്യമായ സ്ഥലങ്ങൾ കൃഷി ചെയ്യിക്കുകയും 2017-18 വർഷവും കൂടുതൽ സ്ഥലം കൃഷി ചെയ്യിക്കുന്നതിനുള്ള നടപടികളെടുക്കുകയും ചെയ്യുന്നു.

തെക്കേക്കര പഞ്ചായത്തിൽ തെക്കേക്കര പൊന്നേഴ സർവ്വീസ് സഹകരണ സംഘം, ഓണാട്ടുകര വികസന ഏജൻസി, കൃഷി വകുപ്പ് എന്നിവയുടെ സംയുക്താഭിമുഖ്യത്തിൽ പലതവണ കർഷകരുടെ യോഗം ചേർന്ന് യന്ത്ര സഹായത്തോടെ 'പായ് ഞാറ്റടി' തയ്യാറാക്കി 10.26 ഹെക്ടർ തരിശു കൃഷി ചെയ്തു.

തഴക്കര പഞ്ചായത്തിൽ 13.6 ഹെക്ടറും മാവേലിക്കര മുനിസിപ്പാലിറ്റിയിൽ 18 ഹെക്ടറും കുട്ടനാടൻ കർഷകർ സ്ഥലം പാട്ടത്തിനെടുത്ത് തരിശുനിലം കൃഷി ചെയ്തു.

സെക്ഷൻ ഓഫീസർ